**<u>ഭരണഭാഷ – മാതൃഭാഷ</u>**

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ. ആർ.എസ്.(1) 358/2011/ഗ.വി. തിരുവനന്തപുരം

തീയതി : 01.04.2024

## <u>ലേല പരസ്യം</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിൽ നിന്നും ഉപയോഗശേഷമുള്ള കാർഡ് ബോർഡ് പെട്ടികൾ, തുണിച്ചാക്കുകൾ (ലഭ്യമാകുന്ന പക്ഷം) എന്നിവ ലേലം ചെയ്തു വിൽക്കുന്നതാണ്.

| | | |
|---|---|---|
| കാർഡുബോർഡ് പെട്ടികൾ | : | എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല |
| തുണിച്ചാക്കുകൾ | : | |
| നിരതദ്രവ്യം | : | 100 രൂപ |
| ലേല തീയതിയും സമയവും | : | 22.04.2024, 12.30 pm |
| സ്ഥലം | : | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,<br>ആസ്ഥാന ആഫീസ്, പട്ടം. |

**വ്യവസ്ഥകൾ**:–

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപ് നിരതദ്രവ്യം കെട്ടിവച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയാലുടൻ നിരതദ്രവ്യം കഴിച്ചിട്ടുള്ള തുക അടച്ച് രസീത് വാങ്ങേണ്ടതും, ലേല സാധനം അതേ ദിവസം തന്നെ നീക്കം ചെയ്യേണ്ടതുമാണ്. ലേല സാധനങ്ങളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല. അതിനാൽ ഒരെണ്ണത്തിന്റെ വിലയ്ക്ക് ലേലം ചെയ്ത് മൊത്തം എണ്ണത്തിന്റെ വില കണക്കാക്കി എടുക്കേണ്ടതാണ്. ലേലം ഉറപ്പിച്ചതു മുതൽ ഒരു വർഷ കാലയളവിൽ ഉണ്ടാകുന്ന കാർഡ് ബോർഡുകൾ ടി വ്യവസ്ഥകൾ പ്രകാരം നീക്കം ചെയ്യേണ്ടതാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി കൊടുക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുവാനോ മാറ്റിവയ്ക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

ഈ ഓഫീസിലെ ജീവനക്കാർ, അവരുടെ ബന്ധുക്കൾ 'ടി' ലേലത്തിൽ പങ്കെടുക്കുവാൻ പാടില്ല.

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**